# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:05</u> <u>09.06.2014 ൽ മറുപടിക്ക്</u>

## <u>പാചകവാതക വിതരണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വി. ഡി. സതീശൻ: | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു: മുഖ്യമന്ത്രി) |
| പാചകവാതകം കൊണ്ടുപോകുന്ന എൽ. പി. ജി. ബുള്ളറ്റ് ടാങ്കറുകളുടെ അപകടഭീഷണി ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | പാചകവാതകം കൊണ്ടു പോകുന്ന എൽ.പി.ജി ബുള്ളറ്റ് ടാങ്കറുകളുടെ അപകട ഭീഷണി ഒഴിവാക്കുന്നതിനായി കർശന പരിശോധന നടത്തുവാൻ ഗതാഗത കമ്മീഷണർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>1989 ലെ കേരള മോട്ടോർ വാഹന ചട്ടം 336 എ ഭേദഗതി ചെയ്ത് എൽ.പി.ജി വലിയ അളവിൽ കൊണ്ടുപോകുന്ന ഗുഡ്സ് വാഹനങ്ങളുടെ ഗതാഗതത്തിന് രാവിലെ 8 മണി മുതൽ 11 മണി വരെയും വൈകുന്നേരം 4 മണി മുതൽ 6 മണി വരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷ, വാഹനങ്ങളുടെ ഗതാഗതം എന്നിവ പരിഗണിച്ചുകൊണ്ട് പ്രാദേശികമായി ഇത്തരം വാഹനങ്ങളുടെ ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള അധികാരം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിക്ക് നല്കിയിട്ടുണ്ട്.<br>പാചകവാതകം വഹിച്ചുകൊണ്ടുപോകുന്ന വാഹനങ്ങളുടെ ഗതാഗതം നിരന്തരം പരിശോധിക്കുകയാണെങ്കിൽ അപകടങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാം എന്ന് മനസ്സിലാക്കി ഇത്തരം വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഘടിപ്പിക്കുന്നതിനായി വിവിധ ഓയിൽ കമ്പനികളുമായി സർക്കാർ ചർച്ച നടത്തി വരുന്നു. |

| | |
|---|---|
| | മാത്രമല്ല പാചകവാതകം പോലെയുള്ള അതിജ്വലന വസ്തുക്കൾ കൊണ്ടു പോകുന്ന ബുള്ളറ്റ് ടാങ്കറുകളുടെ അപകട ഭീഷണി ഒഴിവാക്കുന്നതിനായി പോലീസ് വകുപ്പും സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നു. ഇത്തരം വാഹനങ്ങളുടെ സുഗമമായ യാത്രയ്ക്കായി ദേശീയ സംസ്ഥാന പാതകളിലെ അനധികൃത കൈയേറ്റങ്ങൾ, അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള ഡിവൈഡറുകൾ, പരസ്യ ബോർഡുകൾ എന്നിവ നീക്കം ചെയ്യുന്നതിനും ടാങ്കർ ലോറികൾക്ക് സുരക്ഷിതമായ സ്ഥലങ്ങളിൽ പാർക്കിംഗ് അനുവദിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.<br><br>അതിജ്വലന വസ്തുക്കൾ വഹിച്ചുകൊണ്ടു പോകുന്ന ടാങ്കർ ലോറികൾ പാലിച്ചിരിക്കേണ്ട വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് കർശനമായ പരിശോധനകൾ നടത്തി ഉറപ്പാക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന പാതകളിലും, ദേശീയ പാതകളിലും ഇത്തരം വാഹനങ്ങൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ